LIBRARY ARCHIVES Kerala Legislative Assembly

കാപ്പ ചുമത്തി ജയിലിലടയ്ക്കപ്പെട്ടവർ

96(5682) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ കാപ്പ ചുമത്തി എത്ര പേരെ ജയിലിലടച്ചിട്ടുണ്ടെന്ന് അറിയിക്കാമോ ;

(ബി) ഇവർ ഓരോരുത്തരുടേയും പേരിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ;

(സി) ഇതിൽ ഒരു പ്രതിയെ കാപ്പയിൽ നിന്ന് ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതായുള്ള പത്ര വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ അത്തരത്തിലുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കുമോ ?

ഉത്തരം

(എ&ബി) കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമ പ്രകാരം കാസർഗോഡ് ജില്ലയിൽ 55 പേരെ കരുതൽ തടങ്കലിൽ വച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി വയ്ക്കുന്നു.*

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ബാധകമല്ല.

കേരള പോലീസിനെ ആധുനികവൽക്കരിക്കാൻ കർമ്മപദ്ധതി

97(5683) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കേരളാ പോലീസിനെ ആധുനികവൽക്കരിക്കാൻ എന്തെങ്കിലും കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ?

ഉത്തരം

ഉണ്ട്. കേരളാ പോലീസ് സേനയെ ആധുനികവൽക്കരിക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര സഹായത്തോടെ നടപ്പിൽ വരുത്തിയിട്ടുള്ള മോഡേണൈസേഷൻ ഓഫ് പോലീസ് ഫോഴ്സ്, സംസ്ഥാന പദ്ധതിയുടെ ഭാഗമായി നടപ്പിൽ വരുത്തിയിട്ടുള്ള മോഡേണൈസേഷൻ ഓഫ് പോലീസ് ഡിപ്പാർട്ട്മെന്റ്, കേരളാ റോഡ് സേഫ്റ്റി അതോറിറ്റി ധനസഹായം നൽകുന്ന പദ്ധതി, പതിമൂന്നാം ധനകാര്യ കമ്മീഷൻ സഹായത്തോടെ നടപ്പിൽ വരുത്തുന്ന പദ്ധതികൾ എന്നിവ നിലവിലുണ്ട്.

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.